©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഒക്ടോബർ 12<br>12th October 2021<br>1197 കന്നി 26<br>26th Kanni 1197<br>1943 ആശ്വിനം 20<br>20th Aswina 1943 | നമ്പർ<br>No. | 2998 |

ഫാറം നമ്പർ 7
[ചട്ടം 18(1) കാണുക]

എൽ. എ. ആർ. ആർ. നിയമം 2013 വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന

പ്രാഥമിക വിജ്ഞാപനം

DCWYD/10403/2019-B1. *2021 ഒക്ടോബർ 8.*

കേരള സർക്കാർ 25-5-2021 തീയതിയിലെ ജി. ഒ. (പി) നമ്പർ 57/2021/ആർ.ഡി. വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) വയനാടിനെ കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും;

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിക്ക് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ, കേരള സർക്കാരിന് ബോദ്ധ്യപ്പെടുന്നതുകൊണ്ടും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കാവുംമന്ദം വില്ലേജിൽ കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി ഏകദേശം 0.0852 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, KSEB, തരിയോട്, വയനാട് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചതിനാൽ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്;

ആയതുകൊണ്ട് ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരു അറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു;

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താത്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ അറുപതു ദിവസത്തിനുള്ളിലോ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം അറുപതു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിൻമേൽ ഭൂരേഖകളുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം ഏതെങ്കിലും ഉണ്ടെങ്കിൽ രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ. എ. (ജനറൽ) കൽപ്പറ്റ, വയനാട് മുൻപാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിതകാലപരിധിക്ക് ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും ആക്ഷേപകന് ഭൂമിയിൻമേലുള്ള താൽപ്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും. ഏറ്റെടുക്കുന്ന ഭൂമിയുടെ കൈവശക്കാരായ ആളുകളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് വയനാട് ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം

പഴയ കോഴിക്കോട്, കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്ന വയനാട് പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മണ്ണ് കൊണ്ട് നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വലിയ ബാണാസുരസാഗർ അണക്കെട്ട് നിർമ്മിച്ചത്. ആരംഭത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുക, കാർഷിക ആവശ്യത്തിന് ജലം ലഭ്യമാക്കുക എന്നിവയായിരുന്നു പദ്ധതിലക്ഷ്യം. എന്നാൽ പിന്നീട്, ബാണാസുരസാഗർ അണക്കെട്ടിലെ ജലം ഉപയോഗിച്ച് കുറ്റ്യാടി ജലവൈദ്യുത നിലയത്തിൽ കൂടി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗവൺമെന്റ് നടപ്പാക്കി. 2010-ൽ 417 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പറ്റുന്ന വിധം, കുറ്റ്യാടി ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു. വൈദ്യുതി ഉൽപ്പാദനത്തിനായി കൂടുതൽ ജലം ശേഖരിക്കുവാൻ ആരംഭിച്ചതോടെ തരിയോട് പട്ടണവും സമീപസ്ഥലമായ ജനവാസകേന്ദ്രങ്ങളും മുങ്ങിപ്പോവുകയോ ഒറ്റപ്പെടുകയോ ചെയ്തു. ഇപ്രകാരം പദ്ധതി ബാധിതമായ സ്ഥലത്ത് താമസിച്ചിരുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ്, ഗവൺമെന്റ് നടപടികൾ സ്വീകരിക്കുകയും പഞ്ചായത്തിന്റെ സഹായത്തോടെ 90% കുടുംബങ്ങളുടെയും പുനരധിവാസം പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ഈ പുനരധിവാസ നടപടികൾ പുരോഗമിക്കുമ്പോൾ ചില സമീപ പ്രദേശങ്ങളിലെ ഭൂഉടമകളും, ചില ഭൂകച്ചവടക്കാരും പദ്ധതി ബാധിക്കപ്പെടുന്നതായി കണ്ടെത്തിയ പ്രദേശത്തെ ഭൂമി, പദ്ധതിബാധിതരിൽ നിന്നും, ഗവൺമെന്റ് നൽകുന്ന നഷ്ടപരിഹാരത്തിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങുകയും, സ്വന്തമാക്കുകയും ചെയ്തു. ഇങ്ങനെയുള്ള ഭൂഉടമകളും ഏഴ് ആദിവാസി കുടുംബങ്ങളും ഭൂമി ഗവൺമെന്റിന് നൽകാൻ തയ്യാറായില്ല. അവർ പദ്ധതി പ്രദേശത്ത് തുടരുകയും ചെയ്തു. വലിയ തോതിൽ ഭൂമി കൈവശമുള്ളവർ അവർക്ക് ലഭ്യമായിരുന്ന നടപ്പാത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മുന്നോട്ട് പോവുകയും, ആദിവാസികൾ മീൻപിടുത്തം ഉൾപ്പെടെയുള്ള ജീവിതോപാധികളുമായി കഴിഞ്ഞുപോവുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ സമീപത്തായി പ്രവർത്തിച്ചുകൊണ്ടിരുന്ന കരിങ്കൽ ഖനി അവരുടെ ആവശ്യത്തിന് വഴികൾ ഉണ്ടാക്കുകയും ആയത് ആ പ്രദേശത്ത് താമസിക്കുന്നവരും ആദിവാസി കുടുംബങ്ങളും അവരുടെ വാഹന ഗതാഗത സൗകര്യത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്തു. പരമ്പരാഗതമായി പദ്ധതി പ്രദേശത്ത് താമസിച്ച് വരുന്ന ആദിവാസി കുടുംബങ്ങളും വാഹന ഗതാഗതത്തിന് ഈ വഴി ഉപയോഗിച്ച് വരുന്നു. എന്നാൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയം, കരിങ്കൽ ഖനി വഴി ഒഴിച്ച് ബാക്കി വരുന്ന എല്ലാ ഗതാഗത മാർഗ്ഗങ്ങളും ഇല്ലാതാക്കുകയും ഉണ്ടായി. ആയതിനാൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന അമ്മിണി ജോയി എന്ന വ്യക്തി ബഹു. കേരളാ ഹൈക്കോടതിയെ സമീപിക്കുകയും പദ്ധതിബാധിത എന്ന നിലയിൽ അമ്മിണി ജോയിയ്ക്ക് വഴിക്ക് അവകാശം ഉണ്ട് എന്ന് ബഹുമാനപ്പെട്ട കോടതി വിധിക്കുകയും, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിലാണ് കരിങ്കൽ ഖനിയിലേക്കുള്ള സ്വകാര്യ വഴി ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാക്കി പൊതു ഗതാഗതത്തിന് സൗകര്യമുണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ടി തീരുമാനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കലിന്റെ ആരംഭമായ സാമൂഹ്യ പ്രത്യാഘാത പഠനം നടപ്പാക്കാൻ സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ ഏൽപ്പിക്കുകയും, ഈ റിപ്പോർട്ട് ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതുമാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പദ്ധതി ബാധിതയുടെ വഴിക്കുള്ള അവകാശം അംഗീകരിച്ചതിനാലും പദ്ധതി പ്രദേശത്ത് കഴിയുന്ന ആദിവാസി കുടുംബങ്ങൾക്ക് കൂടി വഴി ഉപകാരപ്രദമാകും എന്നതുകൊണ്ടും പദ്ധതി പൊതു താൽപ്പര്യ പ്രദാനമാണ് എന്ന് പറയാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സമുചിത ഗവൺമെന്റ് ഉത്തരവിന്റെയും പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

*ജില്ല*—വയനാട്. *താലൂക്ക്*—വൈത്തിരി.

*വില്ലേജ്/ദേശം*—കാവുംമന്ദം. *ബ്ലോക്ക് നമ്പർ*—6.

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്.)

| *ക്രമ നമ്പർ* | *റീസർവ്വേ നമ്പർ* | *വിവരണം* | *ഏകദേശ വിസ്തീർണ്ണം (ഹെക്ടർ)* | *ഏത് പൊതു ആവശ്യത്തിന് എന്ന്* | *ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം* | *കൈവശക്കാരുടെ വിവരങ്ങൾ* |
|---|---|---|---|---|---|---|
| 1 | 178/1 | പുരയിടം | 0.0852 | കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി | ഇല്ല | 1. ശ്രീ. ഒ. ഡി. തോമസ് |
| 2 | 178/3 | പുരയിടം | | | | 1. കൊച്ചുമലയിൽ അന്നമ്മ |
| 3 | 182/2 | പുരയിടം | | | | 1. തെങ്ങട അബ്രഹാം |
| 4 | 182/10 | പുരയിടം | | | | 1. പ്ലാത്തോട്ടത്തിൽ തോമസ് |
| **ആകെ** | | | **0.0852** | | | |

(ഒപ്പ്)
*ജില്ലാ കളക്ടർ,*
*വയനാട്.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കാവുംമന്ദം വില്ലേജിൽ കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി ഏകദേശം 0.0852 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSEB, തരിയോട്, വയനാട് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചതിനാൽ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## FORM No. 7

[*See* Rule 18(1)]

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB-SECTION (1) OF SECTION 11, UNDER RFCT LARR ACT-2013.

DCWYD/10403/2019-B1. *8th October, 2021.*

Whereas, the Government of Kerala have as per Notification G. O. (P) No. 57/2021/RD, dated 25-5-2021 appointed the Special Tahsildar LA (General), Wayanad to perform the function of Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

AND WHEREAS, the Government hereby appoint the Deputy Collector (LA), Wayanad as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition;

AND WHEREAS, it appears to the Government that the Land specified in the schedule below is needed or is likely to be needed for public purpose to wit for the acquisition for the Kuttiadi Augmentation Scheme;

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

All persons interested in the said land are accordingly required to lodge before the Special Tahsildar LA (General), Wayanad within 60 days from the date of publication of the above notification, objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is available in official website of District Collector, Wayanad.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Summary of Social Impact Assessment Study Report

Banasurasagar Dam, which impounds the Karamanathodu tributary of the Kabini River, is part of the Indian Banasurasagar Project consisting of a dam and a canal project started in 1979. The goal of the project is to support the Kakkayam Hydroelectric power project and satisfy the demand for irrigation and drinking water in a region known to have water shortages in seasonal dry periods.

In the dam's reservoir there is a set of islands that were formed when the reservoir submerged the surrounding areas. The islands with the Banasura hills are in the background view. It is the largest earth dam in India and the second largest of its kind in Asia. The dam is made up of massive stacks of stones and boulders.

Banasurasagar is a multipurpose project, which includes a dam across Karamanathodu, a tributary of Panamaram River by the Kerala State Electricity Board and an Irrigation Project by Irrigation Department. The dam has a capacity to store 6.70 TMC of water, out of which 5 TMC of water is to be directed to the Kuttiyady Hydro Electric Project and the remaining 1.70 TMC of water is to be made available for this project. Water for irrigation will be released from a sluice, which is constructed in the dam.

The Banasurasagar dam was commissioned in 2004 with a full reservoir capacity. Many surrounding low line areas were submerged. The famous Thariyodu town was totally submerged. Main Government Offices were shifted to Kavummandam. People were supported for their resettlement. Hundreds of Tribal families were rehabilitated with the support of local bodies. A major portion of the Vythiri-Manandavady road via. Thariyod was submerged. The road traffic through the road was blocked. Government of Kerala and KSEB developed a rehabilitation plan for the residents in the area and many opted to the rehabilitation and shifted from the area. But few (Tribal) adivasi families opted to continue in the area. Some families other than tribes also continue in the area. These families are not having all seasonal roads to reach their families. Certain portion of submerged road is fine for transportation during summer or at the time of low water level in the reservoir. But during the last two years the access problem of the families were mounded up due to the continuous flood. Now people are using a private road for accessing their houses. In the meantime Mrs. Ammini Joy who has approximately twelve acre of land and a residence in the area went to Honourable High Court

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

for getting access. In its Judgement Court directed to KSEB to address the issue and solve it. This is the background of the notification to acquire 0.0852 Hectare land for the access resettlement.

Therefore Government of Kerala give administrative and financial sanction for acquisition of an area 0.0852 Hectare land for resettlement of the access to the project affected families of the Thariyod Reservoir of Banasurasagar Irrigation Project in Kavummandam Village. The proposed project is seems to be in the characteristics of public purpose.

Copies of Social Impact Assessment Reports and the connected Government orders are available in the official website of the District Collector, Wayanad.

SCHEDULE

*District*—Wayanad. *Taluk*—Vythiri.

*Village/Desom*—Kavummandam. *Block No*.—6.

(*Total extent given is approximate.*)

| *Sl. No.* | *Re-Survey No.* | *Description* | *Extent (Hectare)* | *Nature of public purpose* | *Reasons for Displacement of affected families* | *Name of owners/interested persons* |
|---|---|---|---|---|---|---|
| 1 | 178/1 | Dry | 0.0852 | Kuttiady Augmentation Scheme | NA | 1. Sri O. D. Thomas |
| 2 | 178/3 | Dry | | | | 1. Kochumalayil Annamma |
| 3 | 182/2 | Dry | | | | 1. Thengada Abraham |
| 4 | 182/10 | Dry | | | | 1. Planthottathil Thomas |
| **Total** | | | **0.0852** | | | |

(Sd.)

DISTRICT COLLECTOR,
*Wayanad.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the Notification but it is intended to note the general purport.)

As per the requisition of the Assistant Executive Engineer, KSEB, Thariyode, Wayanad an extent of 0.0852 Hectare of Land in Kavummandam Village in Vythiri Thaluk of Wayanad District to be proposed for acquisition of Kuttiady Augmentation Scheme. Further procedure will be taken in accordance with the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013. For this a notification u/s 18 of Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 shall be published.

The notification is intended for the above mentioned purpose only.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.10.12 09:07:45 +05:30